"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് - ഉടമ/തൊഴിലാളി വിഹിതം അടച്ചതുമായി ബന്ധപ്പെട്ട രസീതുകൾ ബാക്ക്ലോഗ് എൻട്രി ചെയ്യുന്നതിന് ഐ.ടി.ഐ ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.698/2025/LBR തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:-

1. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27/05/2023-ലെ C1-32/22 നമ്പർ കത്ത്.
2. 21/11/2023-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ടെക്നിക്കൽ കമ്മിറ്റി യോഗ തീരുമാനം.
3. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/11/2023-ലെ C1/3650/22 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഓൺലൈനായി വിഹിതം സ്വീകരിക്കുവാൻ സംവിധാനം നിലവിലില്ലാതിരുന്ന കാലയളവിൽ എഴുതി നൽകിയ രസീതുകളിൽ നാളിതുവരെ കമ്പ്യൂട്ടറിൽ ബാക്ക്ലോഗ് എൻട്രി നടത്തിയിട്ടില്ലാത്ത 57 ലക്ഷം രസീതുകൾ എൻട്രി ചെയ്യുന്നതിനുവേണ്ടി, സംസ്ഥാനത്തിനകത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസൽ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ആവശ്യപ്പെടുന്നവരെക്കൊണ്ട് പ്രസ്തുത പ്രവൃത്തി ചെയ്യിക്കുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (1) പ്രകാരം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിലേക്കായി ഇ-ടെൻഡർ ക്ഷണിച്ചതിൽ, ടെൻഡർ മാനദണ്ഡങ്ങൾ പ്രകാരം യോഗ്യതയുള്ള കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ്, ഐ.ടി.ഐ ലിമിറ്റഡ്, പാലക്കാട്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ബിഡ്ഡുകൾ പരിശോധിക്കുകയും മൂന്നു ബിഡ്ഡുകളിൽ നിന്നും കുറഞ്ഞ തുകയായ Rs. 4.106/- per receipt ക്വാട്ട് ചെയ്ത പാലക്കാട് ഐ.ടി.ഐ ലിമിറ്റഡ്-ന്റെ ടെൻഡർ പരാമർശം (2)-ലെ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചതിനാൽ ബോർഡിന്റെ ഉടമാ തൊഴിലാളി രസീതുകൾ ഡാറ്റാ എൻട്രി ചെയ്യുന്നതിന് പ്രസ്തുത സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഉടമ/തൊഴിലാളി വിഹിതം അടച്ചതുമായി ബന്ധപ്പെട്ട രസീതുകൾ ഡാറ്റാ എൻട്രി ചെയ്യുന്നതിലേക്കായി മൂന്നു ബിഡ്ഡുകളിൽ നിന്നും കുറഞ്ഞ തുകയായ Rs. 4.106/- per receipt ക്വാട്ട് ചെയ്ത ഐ.ടി.ഐ ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി

ഉത്തരവാകുന്നു.

3) 2025 ഡിസംബർ മാസത്തിനുള്ളിൽ പ്രസ്തുത പ്രവൃത്തി ചെയ്തുതീർക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീജ ആർ
അണ്ടർ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Arun S R
സെക്ഷൻ ഓഫീസർ
Date: 11-06-2025 16:47:00

പകർപ്പ് :-
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്